**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2699** **04-03-2025 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ടിന്റെ ആനുകൂല്യം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ, പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകി വരുന്നത്; വിശദമാക്കുമോ; | (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നിലവിൽ വായ്പാ മുതലിനത്തിൽ മരണാനന്തര ധനസഹായമായി പരമാവധി 3,00,000/- രൂപയും, മാരകരോഗം ബാധിച്ചവർക്ക് ചികിത്സാ ധനസഹായമായി പരമാവധി 1,25,000/- രൂപയും, ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ ബാങ്കുകളിൽ നിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപയും റിസ്ക് ഫണ്ട് പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിച്ചു വരുന്നു. |
| (ബി) | മാരക രോഗങ്ങൾ വന്ന് മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ല എന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനും അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പാക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു വരുന്നുണ്ട്.<br><br>മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/ സംഘമാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിക്കുന്നത്. അപ്രകാരം സമർപ്പിക്കുന്ന അപേക്ഷകളിൽ ന്യൂനതയുള്ളവ ന്യൂനത പരിഹരിച്ച് ലഭ്യമാക്കുന്നതിനായി സംഘങ്ങൾക്ക് നിർദ്ദേശം നല്കുകയും, ആയത് പരിഹരിച്ച് ലഭ്യമാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം കാരണം റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. |

| | | | |
|---|---|---|---|
| | | | അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ/ കൺകറന്റ് ആഡിറ്റർ / അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ടി ആഫീസുകളിൽ നൽകിയിട്ടുണ്ട്.<br><br>കൂടാതെ അപേക്ഷകളിലെ ന്യൂനത പരിഹരിച്ച് ലഭിക്കുന്നതിനായി ജില്ലാതല അദാലത്തുകൾ നടത്തുന്നതിനും ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന അപേക്ഷകൾ പരമാവധി വേഗത്തിൽ തീർപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ